# ഹരിതകേരളം മിഷൻ

## പ്രതിദിനം പ്രതിരോധം

# ജാഗ്രതോത്സവം 2018

**കില, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ,**
**സാക്ഷരതാ മിഷൻ അതോറിറ്റി,**
**ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്**

# ആമുഖം

ഹരിതകേരളം മിഷൻ മുന്നോട്ടു വയ്ക്കുന്ന വൃത്തി, വെള്ളം, വിളവ് എന്നീ മൂന്ന് ആശയങ്ങളും ആരോഗ്യവുമായി ബന്ധപ്പെട്ടതാണ്. ശാസ്ത്രീയമായ മാലിന്യ സംസ്കരണം നടക്കാത്തതും, ശുദ്ധമായ കുടിവെള്ളം ലഭ്യമാകാത്തതും സുരക്ഷിത ഭക്ഷ്യ വസ്തുക്കൾ ഉറപ്പുവരുത്താനാകാത്തതുമാണ് കേരളത്തിൽ വർദ്ധിച്ചുവരുന്ന പകർച്ച വ്യാധികളുടേയും ജീവിതശൈലീരോഗങ്ങളുടേയും പ്രധാന കാരണങ്ങൾ. സമൂഹത്തിന്റെ ഒരുമിച്ചുള്ള ഇടപെടൽ ഉണ്ടായാൽ ഈ മൂന്നു പ്രശ്നങ്ങളും പരിഹരിക്കാനാവും. അതിനുള്ള പ്രവർത്തന പരിപാടികളാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നത്. മഴക്കാലത്ത് പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുകയും വിലപ്പെട്ട ഒട്ടേറെ ജീവനുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിന് പ്രതിരോധമൊരുക്കാനാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ **ആരോഗ്യജാഗ്രത** പരിപാടി നടപ്പിലാക്കുന്നത്. ഇതിന്റെ സന്ദേശവും പ്രവർത്തനങ്ങളും സ്കൂൾ കുട്ടികളിലേയ്ക്കുകൂടി എത്തിയ്ക്കാൻ ലക്ഷ്യമിട്ടാണ് **ജാഗ്രതോത്സവങ്ങൾ** നടത്തുന്നത്. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്ത്/നഗരസഭാ വാർഡുകളിലും 2018 ഏപ്രിൽ 20 നും 30 നും ഇടയിൽ നടക്കുന്ന ദ്വിദിന ക്യാമ്പുകളാണ് **ജാഗ്രതോത്സവം 2018**. കില, ശുചിത്വമിഷൻ, കുടുംബശ്രീമിഷൻ, സാക്ഷരതാമിഷൻ അതോറിറ്റി, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ കൂട്ടായ്മയിലാണ് ജാഗ്രതോത്സവങ്ങൾ നടക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളേയും ഒരുമിച്ചു ചേർത്തുള്ള പ്രവർത്തനങ്ങളിലൂടെ വരുന്ന മഴക്കാലത്തെ പകർച്ചവ്യാധി വ്യാപനം തടയാനാകുമെന്നാണ് പ്രത്യാശിക്കുന്നത്. ജാഗ്രതോത്സവങ്ങളുടെ പരിശീലനവും നടത്തിപ്പും സംബന്ധിച്ച ഈ കൈപ്പുസ്തകം ഈ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. ടി.എൻ.സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

## ജാഗ്രതോത്സവം

പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വിപുല മായ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടല്ലോ. സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ ഈ ക്യാമ്പയിനുമായി ബന്ധിപ്പിച്ച് ഇത് വിജയിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളിലേയ്ക്ക് ഈ ആശയം പകർന്നു നൽകാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജാഗ്രതോ ത്സവം എന്ന പേരിൽ ദ്വിദിന ക്യാമ്പുകൾ നടത്തുകയാണ്. കില,സാക്ഷരതാ മിഷൻ അതോറിട്ടി, ശുചിത്വമിഷൻ, കുടുംബശ്രീമിഷൻ, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ജാഗ്രതോത്സവങ്ങൾ സംഘടിപ്പിക്കുന്നത്.

- കൊതുകിന്റെ ലോകം, എലിവാഴും കാലം, ജലജന്യരോഗം എന്നിവ സംബന്ധിച്ച ക്ലാസ്സുകളും കുട്ടികൾക്ക് ഇവയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാവുന്ന പ്രവർത്തന ങ്ങളുമാണ് ജാഗ്രതോത്സവത്തിന്റെ പ്രധാന ഉള്ളടക്കം. പ്രവർത്തനാധിഷ്ഠിതമാ യാണ് ജാഗ്രതോത്സവത്തിന്റെ നടത്തിപ്പ് വിഭാവനം ചെയ്തിട്ടുള്ളത്.
- പരിസര ശുചിത്വത്തിന്റെ അഭാവത്തിൽ പൊട്ടിപ്പുറപ്പെടുന്ന രോഗങ്ങളെ പൂർണ മായും ഇല്ലാതാക്കുക എന്നതാണ് ജാഗ്രതോത്സവത്തിന്റെ ലക്ഷ്യം.
- 5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളാണ് ജാഗ്രതോത്സവത്തിൽ പങ്കെടുക്കേണ്ടത്.
- എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭാ വാർഡുകളിലും ജാഗ്രതോത്സവങ്ങൾ നടത്തണം.
- 50–60 കുട്ടികളാണ് ഒരു ക്യാമ്പിൽ പങ്കെടുക്കമെന്ന് പ്രതീക്ഷിക്കുന്നത്.
- സ്കൂളുകൾ, അങ്കണവാടികൾ, പൊതുസ്ഥാപനങ്ങളിലെ ഹാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് (വാടക നൽകാതെ ലഭിക്കുന്ന സ്ഥലങ്ങളിൽ) ആണ് ജാഗ്ര തോത്സവങ്ങൾ സംഘടിപ്പിക്കേണ്ടത്.
- പ്രാദേശിക വിഭവ സമാഹരണത്തിലൂടെയാണ് ജാഗ്രതോത്സവത്തിന്റെ ചെലവു കൾ പ്രധാനമായും നിർവ്വഹിക്കേണ്ടത്.
- സ്വച്ഛ് ഭാരത് ഫണ്ടിലെ ഐ.ഇ.സി വിഹിതവും വാർഡുതല ശുചീകരണത്തിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നുള്ള വിഹിതവും അനുമതി ഉത്തരവുകൾക്ക് വിധേയമായി ചെലവഴിക്കാവുന്നതാണ്.
- ചക്ക, മാങ്ങ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കുന്ന നാടൻ വിഭവങ്ങളാണ് കുട്ടി കൾക്ക് ഭക്ഷണമായി നൽകേണ്ടത്. കുട്ടികളുടെ രക്ഷാകർത്താക്കളുടെ നേതൃ ത്വത്തിൽ ഭക്ഷണം തയ്യാറാക്കി നൽകണം.
- കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരാണ് വാർഡുകളിൽ ജാഗ്രതോത്സവത്തിന് നേതൃത്വം നൽകേണ്ടത്. അധ്യാപകർ/റിട്ടയേഡ് അധ്യാപകർ എന്നിവരുടെ സേവ നവും തേടാം.
- ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ മുൻകൂട്ടി ചെയ്തുകൊണ്ടുവരുന്നതിനായി ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ട് നൽകുന്നതാണ്.

- ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ജാഗ്രതോത്സവ നടത്തിപ്പ് ആസൂത്രണം ചെയ്യണം.
- ജാഗ്രതോത്സവം നടത്താനുള്ള റിസോഴ്സ് പേഴ്സൺമാരെ തയ്യാറെടുപ്പിക്കാൻ സംസ്ഥാനതലം, ജില്ലാതലം, ബ്ലോക്ക്തലം, ഗ്രാമപഞ്ചായത്ത്/നഗരസഭാതലം എന്നിങ്ങനെ 4 തലങ്ങളിൽ കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്.
- 2018 ഏപ്രിൽ 20 നും 30 നും ഇടയിലാണ് ദ്വിദിന ജാഗ്രതോത്സവങ്ങൾ നടത്തേണ്ടത്.
- ആരോഗ്യവകുപ്പിൽ നിന്ന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ, സാക്ഷരതാ പ്രേരക്മാർ, ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിമാർ എന്നിവർ കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരോടൊപ്പം ജാഗ്രതോത്സവങ്ങൾക്ക് നേതൃത്വം നൽകും.
- വാർഡ് മെമ്പറുടെ നേതൃത്വത്തിൽ കുട്ടികളുടെ രക്ഷാകർത്താക്കളും സാമൂഹ്യ -സാംസ്കാരിക പ്രവർത്തകരുമടങ്ങുന്ന കമ്മിറ്റികളാണ് ജാഗ്രതോത്സവത്തിന്റെ സംഘാടകരായി പ്രവർത്തിക്കേണ്ടത്.
- ജാഗ്രതോത്സവത്തിൽ കുട്ടികളുടെ അവതരണങ്ങൾക്ക് സാക്ഷിയാകാൻ മുതിർന്നവർ ഉൾപ്പെടെയുള്ളവരെ ക്ഷണിച്ചുവരുത്തണം.
- ജാഗ്രതോത്സവത്തിന്റെ തുടർ പ്രവർത്തനങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ വാർഡുകളിൽ നടക്കുന്നു എന്നത് വാർഡ് തല സാനിട്ടേഷൻ കമ്മിറ്റികളും കുടുംബശ്രീ ബാലസഭാ കൺവീനറും ഉറപ്പുവരുത്തണം.

സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്/നഗരസഭാ തലങ്ങളിൽ (4 തലം) പരിശീലന പരിപാടികളാണ് ജാഗ്രതോത്സവവുമായി ബന്ധപ്പെട്ട് നടക്കേണ്ടത്.

## I. പങ്കാളിത്തം

### a. സംസ്ഥാനതലം

| | | |
|---|---|---|
| കുടുംബശ്രീ | 2 x 14 = 28 | (എല്ലാ ജില്ലകളിൽ നിന്നും 2 പേർ വീതം) |
| ബാലസഭാ മാനേജർ | 1 x 14 = 14 | (എല്ലാ ജില്ലകളിൽ നിന്നും ഒരാൾ വീതം) |
| സാക്ഷരതാ മിഷൻ | 1 x 14 = 14 | (എല്ലാ ജില്ലകളിൽ നിന്നും ഒരാൾ വീതം) |
| ആരോഗ്യവകുപ്പ് | 1 x 14 = 14 | (എല്ലാ ജില്ലകളിൽ നിന്നും ഒരാൾ വീതം) |
| ശുചിത്വമിഷൻ/ ഹരിതകേരളം മിഷൻ | 2 x 14 = 28 | (എല്ലാ ജില്ലകളിൽ നിന്നും 2 പേർ വീതം) |
| പഞ്ചായത്ത് ഡയറക്ടറേറ്റ് | 1 = 1 | |
| നഗരകാര്യ ഡയറക്ടറേറ്റ് | 1 = 1 | |
| **ആകെ** | **100** | |

**b. <u>ജില്ലാതലം</u>**

കുടുംബശ്രീ 3 **x** 152 = 456(എല്ലാ ബ്ലോക്കുകളിൽ നിന്നും 3 പേർ വീതം)
സാക്ഷരതാ മിഷൻ 1 **x** 152 = 152(എല്ലാ ബ്ലോക്കുകളിൽ നിന്നും ഒരാൾ വീതം)
ആരോഗ്യ വകുപ്പ് 1 **x** 152 = 152(എല്ലാ ബ്ലോക്കുകളിൽ നിന്നും ഒരാൾ വീതം)
ശുചിത്വമിഷൻ 2 **x** 152 = 304(എല്ലാ ബ്ലോക്കുകളിൽ നിന്നും 2 പേർ വീതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് 1 = 1
നഗരകാര്യ റീജണൽ ഓഫീസ് 1 = 1

---------------------------------------------------------------

**ആകെ 762**

====================================

**c. <u>ബ്ലോക്ക്തലം</u>**

കുടുംബശ്രീ 3 **x** 941 = 2823(എല്ലാ പഞ്ചായത്തുകളിൽ നിന്നും 3 പേർ വീതം)
സാക്ഷരതാ പ്രേരക്മാർ 2 **x** 941 = 1882(എല്ലാ പഞ്ചായത്തുകളിൽ നിന്നും 2 പേർ വീതം)
ആരോഗ്യ വകുപ്പ് 1 **x** 941 = 941(എല്ലാ പഞ്ചായത്തുകളിൽ നിന്നും ഒരാൾ വീതം)
അസി. സെക്രട്ടറിമാർ/HC 1 **x** 941 = 941(എല്ലാ പഞ്ചായത്തുകളിൽ നിന്നും ഒരാൾ വീതം)
ശുചിത്വമിഷൻ 2 **x** 152 = 304(എല്ലാ പഞ്ചായത്തുകളിൽ നിന്നും 2 പേർ വീതം)

**ആകെ 6587**

==========================

**d.<u>പഞ്ചായത്ത്തലം</u>**

കുടുംബശ്രീ 2 **x** 15962 = 31924(എല്ലാ വാർഡുകളിൽ നിന്നും 2 പേർ വീതം)
ആരോഗ്യ വകുപ്പ് 2 **x** 941 = 1882(ഒരു പഞ്ചായത്തിൽ നിന്ന് 2 പേർ വീതം)
അധ്യാപകർ/റിട്ട. അധ്യാപകർ 3 **x** 15962 = 47886(എല്ലാ വാർഡുകളിൽ നിന്നും 3 പേർ വീതം)

**ആകെ 81692**

====================================

**e. നഗരസഭാതലം**

കുടുംബശ്രീ 2 x 3536 = 7072(എല്ലാ വാർഡുകളിൽ നിന്നും 2 പേർ വീതം)
അധ്യാപകർ/റിട്ട. അധ്യാപകർ 3 x 3536 = 10608(എല്ലാ വാർഡുകളിൽനിന്നും 3 പേർ വീതം)
ആരോഗ്യവകുപ്പ് 2 x 93 = 186 (ഒരു നഗരസഭയിൽ നിന്ന് 2 പേർ വീതം)

---

**ആകെ 17866**

===========================

ഗ്രാമപഞ്ചായത്ത്/നഗരസഭാതലം വരെ പരിശീലന പരിപാടി പൂർത്തിയാകുമ്പോൾ 107007 പേർ പരിശീലനം സിദ്ധിച്ചവരായി ഉണ്ടാകും. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കൂടി ആകെ സംസ്ഥാനത്ത് 19498 വാർഡുകളാണ് ഉള്ളത്. അതായത് ഒരു വാർഡിന് അഞ്ചിലധികം റിസോഴ്സ് പേഴ്സൺസ് പരിശീലനം സിദ്ധിച്ചവരായി ഉണ്ടാകും. ഇവരെ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്ത്/നഗരസഭാ വാർഡുകളിലും ജാഗ്രതോത്സവങ്ങൾ സംഘടിപ്പിക്കണം.

**II. സമയക്രമം, സ്ഥലം**

(a) **പരിശീലനങ്ങൾ**

സംസ്ഥാനതലം - 2018 ഏപ്രിൽ 4,5(ഐ.എം.ജി, തിരുവനന്തപുരം)
ജില്ലാ തലം - 2018 ഏപ്രിൽ 9, 10 (ജില്ലാ കേന്ദ്രങ്ങളിൽ)
ബ്ലോക്ക്തലം - 2018 ഏപ്രിൽ 12, 13 (ബ്ലോക്ക് കേന്ദ്രങ്ങളിൽ)
ഗ്രാമപഞ്ചായത്ത്/
നഗരസഭാതലം - 2018 ഏപ്രിൽ 16, 17 (ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ)

(b) **ജാഗ്രതോത്സവം** - 2018 ഏപ്രിൽ 20 നും 30 നും ഇടയിൽ (വാർഡ് കേന്ദ്രങ്ങളിൽ)

**III. ചുമതല**

സംസ്ഥാനതലം മുതൽ ഗ്രാമപഞ്ചായത്ത്/നഗരസഭാതലംവരെ പരിശീലന ചുമതല കിലയ്ക്കായിരിക്കും. സംഘടനാചുമതല താഴെപ്പറയും പ്രകാരം ആയിരിക്കും.

സംസ്ഥാനതലം : കുടുംബശ്രീ/ഹരിതകേരളം മിഷൻ/ശുചിത്വമിഷൻ
ജില്ലാതലം : കുടുംബശ്രീ ജില്ലാമിഷൻ/ശുചിത്വമിഷൻ ജില്ലാ മിഷൻ/ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ
ബ്ലോക്ക് തലം : കുടുംബശ്രീ RP/ ശുചിത്വ മിഷൻ ബ്ലോക്ക് RP
പഞ്ചായത്ത് തലം : CDS ചെയർപേഴ്സൺ, പഞ്ചായത്ത് അസി. സെക്രട്ടറി/ ഹെഡ്ക്ലാർക്ക്
ജാഗ്രതോത്സവം : കുടുംബശ്രീ ADS, വാർഡ്തല ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റി വാർഡ് മെമ്പർ

**IV. വാർഡ്തല ജാഗ്രതോത്സവം:**

(a) മുന്നൊരുക്കം: വാർഡ് മെമ്പർ, ADS, ശുചിത്വ ആരോഗ്യ സമിതി എന്നിവയുടെ നേതൃത്വത്തിൽ വാർഡിലെ 5-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികളേയും അവരുടെ രക്ഷകർത്താക്കളേയും വിളിച്ചുകൂട്ടണം. സ്കൂൾ/അങ്കണവാടി/ ലൈബ്രറി/ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആകാം. ജാഗ്രതോത്സവത്തെക്കുറിച്ച്

കുട്ടികളോട് സംസാരിക്കുകയും ജാഗ്രതോത്സവം നടക്കുന്ന സ്ഥലം തീയതി എന്നിവ അറിയിക്കുകയും വേണം. രണ്ടു ദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകു: 4.30 വരെ യാണ് ജാഗ്രതോത്സവം നടക്കുന്നതെന്നും ഭക്ഷണം കുടിവെള്ളം എന്നിവ ക്യാമ്പിൽ തന്നെ നൽകുമെന്നും മുൻകൂട്ടി അറിയിക്കണം. ജാഗ്രതോത്സവത്തിന് കുറഞ്ഞത് ഒരാഴ്ച മുമ്പെങ്കിലും ഈ യോഗം വിളിക്കണം. ജാഗ്രതോത്സവത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടി കൾ തയ്യാറാക്കിക്കൊണ്ടു വരേണ്ട പ്രോജക്ട് സംബന്ധിച്ച വിശദീകരണവും നൽകണം. ചുവടെ പറയുന്ന പ്രോജക്ടുകൾ നിർദ്ദേശിക്കാവുന്നതാണ്.

1. നിങ്ങളുടെ വീട്ടിലും ചുറ്റുമുള്ള 5 വീടുകളിലും കഴിഞ്ഞ മഴക്കാലത്ത്(2017 ജൂൺ മുതൽ) ഉണ്ടായ പകർച്ചപ്പനികൾ ഏതെല്ലാം. ചികിത്സ തേടിയവർ, സ്വയം ചികിത്സിച്ചവർ, സ്വകാര്യ ആശുപത്രി/സർക്കാർ ആശുപത്രി പകർച്ചപ്പനിയുടെ ഭാഗമായി മരണം നടന്നോ . നിലവിൽ ആ വീടുകളുടെ പരിസരത്ത് മഴപെയ്താൽ വെള്ളം കെട്ടിനിൽക്കാവുന്ന വസ്തുക്കൾ വലിച്ചെറിഞ്ഞിട്ടുണ്ടോ? തുടങ്ങിയ ഘട കങ്ങൾ വിലയിരുത്തി, അടുത്ത മഴക്കാലം രോഗരഹിതമാക്കാൻ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രോജക്ട് തയ്യാറാക്കുക.
2. നിങ്ങളുടെ വീടിനു സമീപം കൃഷിചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന പറമ്പുകൾ നിരീ ക്ഷിച്ച് , ആ പറമ്പുകളിൽനിന്നും ഏതെല്ലാം തരം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാ കാൻ സാധ്യതയുള്ളതായി കാണുന്നു എന്നും അവ ഒഴിവാക്കാൻ നടത്തേണ്ട ഇടപെടൽ എന്താണെന്നും വ്യക്തമാക്കുന്ന പ്രോജക്ട് തയ്യാറാക്കുക.
3. നിങ്ങളുടെ വീടിനു സമീപം കടകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം ഓടകളിലോ തോടുകളിലോ എത്തിച്ചേരുന്നുണ്ടോ എന്ന് നിരീക്ഷിച്ച് അവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ഒരു ലഘു പ്രോജക്ട് തയ്യാറാക്കുക.

പ്രോജക്ടുകൾ എല്ലാം ലഘു പ്രോജക്ടുകളായി ചെയ്താൽ മതിയാകും. രണ്ടോ മൂന്നോ ഷീറ്റ് A4 പേപ്പറിൽ ഉൾക്കൊള്ളാവുന്ന വിവരങ്ങൾ മതിയാകും. ഒന്നിലധികം പ്രോജക്റ്റ് ചെയ്യാൻ താത്പര്യം ഉള്ളവർക്ക് അതിനും അനുവാദം കൊടുക്കാവുന്നതാ ണ്.

കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ കഴിഞ്ഞാൽ വാർഡ്തല ജാഗ്രതോത്സവ നടത്തിപ്പ് രക്ഷാകർത്താക്കൾ ചർച്ച ചെയ്യണം. പ്രാദേശിക വിഭവ സമാഹരണത്തിലൂടെ ശേഖരി ക്കുന്ന ഉത്പന്നങ്ങൾ രക്ഷാകർത്താക്കളുടെ നേതൃത്വത്തിൽ പാകം ചെയ്താണ് കുട്ടി കൾക്ക് നൽകേണ്ടത്. കൃത്രിമ പാനീയങ്ങളും ഭക്ഷണ പദാർത്ഥങ്ങളും ഉപയോഗിക്കരു ത്. കുടിക്കാൻ കരിക്ക്, നാരങ്ങാവെള്ളം, പാഷൻ ഫ്രൂട്ട് ജ്യൂസ് തുടങ്ങിയവ നൽകാം. ചക്കപ്പഴം, മാമ്പഴം എന്നിവ ലഭ്യമാണെങ്കിൽ കുട്ടികൾക്ക് നൽകണം. ചക്ക, മാങ്ങ എന്നിവ ഉൾപ്പെടെയുള്ള പ്രാദേശിക ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ചുള്ള നാടൻ ഭക്ഷണമാണ് കുട്ടികൾക്ക് നൽകേണ്ടത്.

## (b) ജാഗ്രതോത്സവ കാര്യപരിപാടി

### ഒന്നാം ദിവസം

| | | |
|---|---|---|
| രാവിലെ 9.30 മുതൽ 10 വരെ | : | രജിസ്ട്രേഷൻ<br>പ്ലാവിലയിൽ സ്കെച്ച് പെൻകൊണ്ട് എഴുതിയ ബാഡ്ജ്, നോട്ട് ബുക്ക്, പെൻസിൽ/പേപ്പർപേന എന്നിവ കുട്ടികൾക്ക് നൽകണം) |
| 10 മണി മുതൽ 10.30 വരെ | : | ഉദ്ഘാടന സമ്മേളനം ജാഗ്രതോത്സവ ഗാനത്തോടെ യോഗം ആരംഭിക്കണം |
| ഉദ്ഘാടകൻ | : | വാർഡ് മെമ്പർ/സാമൂഹ്യ പ്രവർത്തകൻ |
| 10.30 മുതൽ 11 വരെ | : | ഐസ് ബ്രേക്കിംഗ്<br>(ഓല, മച്ചിങ്ങ, പ്ലാവില, ഈർക്കിൽ, കടലാസ് തുടങ്ങിയവ കുട്ടികൾക്ക് നൽകുന്നു. ഇഷ്ടാനുസരണം എന്തെങ്കിലും കളിപ്പാട്ടങ്ങളോ അലങ്കാര വസ്തുക്കളോ ഉണ്ടാക്കാൻ നിർദ്ദേശിക്കുന്നു. ഉണ്ടാക്കിയ വസ്തുവിനെക്കുറിച്ച് വിശദീകരിക്കുന്നതിലൂടെ സ്വയം പരിചയപ്പെടുത്തുന്നു. ഉദാ: 1. ഞാൻ ആതിര, എനിക്ക് ഓലപ്പീപ്പി ഇഷ്ടമാണ്. അതുകൊണ്ടാണ് ഞാനീ ഓലപ്പീപ്പി ഉണ്ടാക്കിയത്. 2. ഞാൻ സമീർ, പഴയ പേപ്പറുകൾ പാഴാക്കികളയുന്നത് എനിക്ക് ഇഷ്ടമല്ല. ഞാൻ പേപ്പർ കൊണ്ട് ഒരു പൂ ഉണ്ടാക്കിയത് കണ്ടോ....) |
| 11 മുതൽ 11.15 വരെ | : | ഇടവേള<br>(നാരങ്ങാവെള്ളം, കരിക്കിൻ വെള്ളം, മാമ്പഴം, ചക്കപ്പഴം തുടങ്ങിയവ നൽകാം.) |
| 11.15 മുതൽ 11.45 വരെ | : | ജാഗ്രതോത്സവം-എന്ത്? എന്തിന്?<br>(അവതരണം റിസോഴ്സ് പേഴ്സൺ) |
| 11.45 മുതൽ 12.30 വരെ | : | ജാഗ്രതോത്സവക്കളികൾ |
| 12.30 മുതൽ 1.00 വരെ | : | ഹരിത ഓഡിറ്റിംഗ് (അവതരണം റിസോഴ്സ് പേഴ്സൺ) |
| 1 മണി മുതൽ 2 മണി വരെ | : | ഉച്ച ഭക്ഷണം, വിശ്രമം |
| 2 മണി മുതൽ 3.15 വരെ | : | ഫീൽഡ് വിസിറ്റ് |
| 3.15 മുതൽ 3.30 വരെ | : | ഇടവേള(ചക്കപ്പുഴുക്ക്/ കപ്പ/മാമ്പഴം നൽകാം) |
| 3.30 മുതൽ 3.40 വരെ | : | ഫീൽഡ് വിസിറ്റിന്റെ അടിസ്ഥാനത്തിൽ ജാഗ്രതാ കലാരൂപങ്ങൾ(പാട്ട്, സ്കിറ്റ്, സംഗീത ശിൽപ്പം...) രൂപപ്പെടുത്താൻ നിർദ്ദേശം നൽകൽ. |
| 3.40 മുതൽ 4.30 വരെ | : | സ്ക്രിപ്റ്റ് തയ്യാറാക്കലും പരിശീലനവും |
| 4.30 | : | ഒന്നാം ദിവസം സമാപനം |

**രണ്ടാം ദിവസം**

| | | |
|---|---|---|
| രാവിലെ 9 മുതൽ 10 വരെ | : | റിഹേഴ്സൽ |
| 10 മുതൽ 11 വരെ | : | അവതരണങ്ങൾ<br>(a) കൊതുകിന്റെ ലോകം<br>(b) എലിവാഴും കാലം<br>(c) ജലത്തെ ചതിച്ചാൽ-ജലം ചതിച്ചാൽ അവതരണം -ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ/RP |
| 11 മുതൽ 11.30 വരെ | : | ജാഗ്രതോത്സവക്കളികൾ |
| 11.30 മുതൽ 12 വരെ | : | ഞങ്ങൾക്കുമറിയാം നിയമങ്ങൾ (അവതരണം-റിസോഴ്സ് പേഴ്സൺ) |
| 12 മുതൽ 12.30 വരെ | : | കുട്ടികൾ തയ്യാറാക്കി വന്ന പ്രോജക്ടുകളുടെ വിലയി രുത്തൽ(ഗ്രൂപ്പ് പ്രവർത്തനം) ചാർട്ട് തയ്യാറാക്കി പ്രദർശിപ്പിക്കൽ |
| 12.30 മുതൽ 1 മണി വരെ | : | പ്രോജക്ട് ചെയ്തതിന്റെ ഭാഗമായോ ഫീൽഡ് വിസിറ്റിന്റെ ഭാഗമായോ കണ്ട മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കത്ത് തയ്യാറാക്കൽ(ആദ്യം പേപ്പറിൽ തയ്യാറാക്കിയ ശേഷം പോസ്റ്റ് കാർഡിലേക്ക് മാറ്റി എഴുതണം) |
| 1 മണി മുതൽ 2 മണി വരെ | : | ഉച്ചഭക്ഷണം, വിശ്രമം |
| 2 മണി മുതൽ 2.15 വരെ | : | പ്രോജക്ടുകളെ വിലയിരുത്തി സംസാരിക്കൽ (കുട്ടികളുടെ പേരുപറഞ്ഞ് വിലയിരുത്തേണ്ടതില്ല. പൊതുവിലയിരുത്തൽ മതി. കണ്ടെത്തിയ വിവരങ്ങളിലോ, പരിഹാര നിർദേശങ്ങളിലോ അശാസ്ത്രീയതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ സൂചിപ്പിക്കാം) |
| 2.15 മുതൽ 3 വരെ | : | കുട്ടികൾ തയ്യാറാക്കിയ കലാപരിപാടികളുടെ അവതരണം (പാട്ട്, നാടകം, സ്കിറ്റ്....) |
| 3 മുതൽ 3.15 വരെ | : | നമ്മുടെ വാർഡ് രോഗാതുരമാകാതിരിക്കാൻ എന്ത് ചെയ്യാം? വാർഡിൽ നടക്കേണ്ട തുടർപ്രവർത്തനം (അവതരണം-റിസോഴ്സ് പേഴ്സൺ) |
| 3.15 മുതൽ 3.45 വരെ | : | തുടർപ്രവർത്തനം ആസൂത്രണം (ഗ്രൂപ്പ് പ്രവർത്തനം) |
| 3.45 മുതൽ 4 വരെ | : | ഗ്രൂപ്പ് ആസൂത്രണം ക്രോഡീകരണം |
| 4 മുതൽ 4.15 വരെ | : | സർട്ടിഫിക്കറ്റ് വിതരണം. സമാപനം. |

## V. പരിശീലനങ്ങൾ

രണ്ടു ദിവസങ്ങളിലായാണ് എല്ലാ പരിശീലനങ്ങളും നടക്കേണ്ടത്. സംസ്ഥാന തല പരിശീലനം, റസിഡൻഷ്യൽ പരിപാടിയായിരിക്കും. പരിശീലന കാര്യപരിപാടികൾ ചുവടെപ്പറയും പ്രകാരമായിരിക്കും.

**ഒന്നാം ദിവസം**

| | | |
|---|---|---|
| 9.30 to 10 | : | രജിസ്ട്രേഷൻ |
| 10 to 10.30 | : | ഉത്ഘാടനം. |
| 10.30 to 11.15 | : | ഐസ് ബ്രേക്കിംഗ് |
| 11.15 to 11.30 | : | Tea Break |
| 11.30 to 12 | : | ജാഗ്രതോത്സവം എന്ത്? എന്തിന്? |
| 12 to 12.30 | : | ഹരിത ഓഡിറ്റിംഗ് അവതരണം. |
| 12.30 to 1.15 | : | ജാഗ്രതാ നടത്തം |
| 1.15 to 2 | : | ഉച്ചഭക്ഷണം |
| 2 to 2.45 | : | ജാഗ്രതാ നടത്തം- ഗ്രൂപ്പ് പ്രവർത്തനം |
| 2.45 to 3.15 | : | ചാർട്ട് തയ്യാറാക്കൽ, ഗ്യാലറി നടത്തം. |
| 3.15 to 4 | : | ജാഗ്രതാ നടത്തം, വിടവുകൾ കണ്ടെത്തേണ്ടത് എങ്ങനെ? |
| 4 to 5 | : | പാട്ട്,കളി, കലാരൂപങ്ങൾ അവതരണം |
| 5 to 5.30 | : | Assignment നിർദ്ദേശം. |

**രണ്ടാം ദിവസം**

| | | |
|---|---|---|
| 9.00 to 9.30 | : | റിഹേഴ്സൽ |
| 9.30 to 10.30 | : | തയ്യാറാക്കിയ കലാരൂപങ്ങൾ അവതരിപ്പിക്കൽ |
| 10.30 to 11.00 | : | കൊതുകിന്റെ ലോകം |
| 11.00 to 11.15 | : | Tea Break |
| 11.15 to 11.45 | : | എലിവാഴും കാലം |
| 11.45 to 12.15 | : | ജലജന്യ രോഗങ്ങൾ |
| 12.15 to 12.45 | : | നാം അറിയേണ്ട നിയമങ്ങൾ |
| 12.45 to 1.15 | : | മഴക്കാല രോഗലക്ഷണങ്ങളും ചികിത്സാരീതികളും. |
| 1.15 to 2.15 | : | ഭക്ഷണം |
| 2.15 to 3.00 | : | തുടർ പരിശീലനങ്ങളുടെ ആസൂത്രണം (ഗ്രൂപ്പ്) |
| 3.00 to 3.30 | : | തുടർ പരിശീലന അവതരണം |
| 3.30 to 4 | : | ക്രോഡീകരണം, സമാപനം. |

**അനുബന്ധം (1)**
**ഹരിത ഓഡിറ്റിങ്ങ്**

**ലക്ഷ്യം**

പകർച്ചവ്യാധികളോ മറ്റ് മാരക രോഗങ്ങളോ ഉണ്ടാകാൻ സാധ്യതയുള്ള തരത്തിൽ മലിനപ്പെട്ട് കിടക്കുന്ന ജലസ്രോതസ്സുകൾ, പൊതുയിടങ്ങൾ, വീടുകളുടെയും സ്ഥാപനങ്ങളുടേയും പരിസരങ്ങൾ തുടങ്ങിയവ കണ്ടെത്തി മാലിന്യമുക്തമാക്കി വൃത്തിയും ശുചിത്വവുമുള്ള ഇടങ്ങളാക്കി മാറ്റുക.

**ഹരിത ഓഡിറ്റിങ്ങ് – എവിടെയെല്ലാം**

- വീടും പരിസരവും
- നമ്മുടെ സ്ഥാപനങ്ങൾ
- പൊതുസ്ഥലങ്ങൾ

**1. വീടും പരിസരവും**

(വീടുകൾ, ഫ്ളാറ്റുകൾ, അപ്പാർട്ടമെന്റുകൾ, ഗേറ്റഡ് കോളനികൾ)

**വിവിധ തരം മാലിന്യങ്ങൾ**

- ***ജൈവം*** – പച്ചക്കറിയുടെ അവശിഷ്ടങ്ങൾ, ആഹാരാവശിഷ്ടങ്ങൾ, മൃഗാവശിഷ്ടങ്ങൾ, കരിയിലകൾ
- ***അജൈവം*** – പ്ളാസ്റ്റിക്ക്, പേപ്പർ, ഇ- മാലിന്യം, ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ, അപകടകരമായ മാലിന്യങ്ങൾ
- ***ദ്രവമാലിന്യം*** – അടുക്കളയിൽ നിന്നുള്ള മലിനജലം, ശുചിമുറി മാലിന്യം

**ഓഡിറ്റിംഗ് സൂചകങ്ങൾ**

- വാഷ്ബെയിസിനിൽ നിന്നുള്ള മലിനജലം
- ഫ്രിഡ്ജിന്റെ ട്രേകൾ
- എയർ കണ്ടീഷനുകളുടെ പരിസരം
- സൺ ഷെയ്ഡുകൾ, ടെറസ്സ്
- ചിരട്ടകൾ,കുപ്പികൾ
- ശുചിമുറിയും പരിസരവും
- വാഷിംഗ് മെഷിനിൽ നിന്നുള്ള മലിനജലം
- ഉപയോഗിക്കാത്ത ശുചിമുറികൾ, മറ്റ് മുറികൾ
- വീടിന് പരിസരത്ത് മാലിന്യം കൂട്ടിയിടുകയോ കത്തിക്കുകയോ ചെയ്യുന്ന സ്ഥലം
- ജല ദുരുപയോഗം, കിണറുകളുടെ പരിസരം
- വൈദ്യുതി പാഴാക്കൽ

2. **നമ്മുടെ സ്ഥാപനങ്ങൾ**

സ്കൂളുകൾ, കോളേജുകൾ, അംഗനവാടികൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ, ഹോട്ടലുകൾ, പോലീസ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ളക്സുകൾ തുടങ്ങിയവ

**ഓഡിറ്റിംഗ് സൂചകങ്ങൾ**

1. മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങൾ
2. മാലിന്യം കത്തിക്കുന്ന ഇടങ്ങൾ
3. മാലിന്യം കൈകാര്യം ചെയ്യുന്ന ഇടങ്ങൾ
4. ഉപയോഗശൂന്യമായ വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്ന സ്ഥലങ്ങൾ
5. ഉപയോഗ ശൂന്യമായ വാഹനങ്ങൾ, ഫർണിച്ചറുകൾ
6. മലിനജലം പുറത്തേക്കൊഴുകുന്ന ഇടങ്ങൾ
7. ശുചിമുറിയുടെ പരിസരങ്ങൾ , വാട്ടർ ടാങ്കുകൾ
8. വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ
9. റിപ്പയർ കടകൾ, കരിക്ക് വിതരണം ചെയ്യുന്ന കടകൾ

3. **പൊതുസ്ഥലങ്ങൾ**

തെരുവുകൾ, റോഡുകൾ, ഓടകൾ, ബസ്സ്റ്റാന്റുകൾ, ചന്തകൾ, സമ്മേളന നഗരികൾ, ഉത്സവ മേഖലകൾ, ഡിസ്പോസിബിൾ വസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ, നദികൾ, തോടുകൾ, കുളങ്ങൾ, ചെറിയ ജലസ്രോതസ്സുകൾ, അറവുശാലകൾ, വാട്ടർ ടാങ്കുകൾ.

**ഓഡിറ്റിംഗ് സൂചകങ്ങൾ**

- ഖരമാലിന്യം രൂപപ്പെടുന്ന സ്രോതസുകൾ
- നിക്ഷേപിക്കുന്ന രീതി
- മാലിന്യം കൂടിക്കിടക്കുന്ന സ്ഥലങ്ങൾ
- ജലസ്രോതസുകളിലെ ഖര-ദ്രവ മാലിന്യ നിക്ഷേപം

**പരിഹാര മാർഗങ്ങൾ**

- ജൈവമാലിന്യം അജൈവ വസ്തുക്കളുമായ് കൂടി കലരാതെ തരം തിരിച്ച് കുഴികമ്പോസ്റ്റ് നിർമ്മിച്ചോ കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിച്ചോ അതിൽ നിക്ഷേപിച്ച് വളമാക്കി മാറ്റൽ
- അജൈവ വസ്തുക്കൾ വൃത്തിയാക്കി തരംതിരിച്ച് സൂക്ഷിച്ച് ഹരിതകർമ്മസേനയ്ക്കോ പാഴ്വസ്തു വ്യാപാരികൾക്കോ കൈമാറണം
- മലിനജലം സംസ്കരിക്കുന്നതിന് സോക്കേജ് പിറ്റു കൾ നിർമ്മിക്കൽ, മിനി പ്ളാന്റുകൾ സ്ഥാപിക്കൽ
- ഇ-മാലിന്യം പ്രത്യേകം ശേഖരിച്ച് ക്ളീൻകേരള കമ്പനിക്കോ അംഗീകൃത ഏജൻസിക്കോ കൈമാറുക.
- ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പ് തന്നെ അജൈവ വസ്തുക്കളുടെ ശേഖരണത്തിന് ഹരിത കർമ്മ സേനയുമായിട്ടോ പാഴ്വസ്തുവ്യാപാരികളുമായിട്ടോ ധാരണയിലെത്തണം.
- ജലസ്രോതസുകളെ വൃത്തിയാക്കി സംരക്ഷിക്കുക
- മാലിന്യം കൂട്ടിയിട്ടിരിക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കി മനോഹരമാക്കുക
- ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുക
- ജലംകെട്ടിക്കിടക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ വൃത്തിയാക്കൽ
- കൊതുക് വളരാൻ സാധ്യതയുള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ടെത്തി ഒഴിവാക്കുക

## പ്രതിദിനം പ്രതിരോധം

## ജാഗ്രതോത്സവം- 2018

## പരിശോധന സൂചിക

### ഗൃഹ തലം/ സ്ഥാപന തലം

**ഗൃഹ / സ്ഥാപന സന്ദർശന വേളയിൽ ചുറ്റുപാടും നിരീക്ഷിച്ച ശേഷം മാത്രം ചെക്ക് ലിസ്റ്റ് പൂരിപ്പിക്കുക.**

1 വീട്/ സ്ഥാപന ഉടമസ്ഥന്റെ പേരും മേൽവിലാസവും ഫോൺ നമ്പരും :

2 ജൈവ മാലിന്യം സംസ്കരിക്കുന്ന രീതി :
കൂട്ടിയിടുന്നു ☐ കത്തിക്കുന്നു ☐
പുറത്ത് കളയുന്നു ☐ വളമാക്കുന്നു ☐

3 അജൈവ മാലിന്യം സംസ്കരിക്കുന്ന രീതി: കൂട്ടിയിടുന്നു ☐ കത്തിക്കുന്നു ☐
പുന:ചംക്രമണത്തിന് നൽകുന്നു ☐
മറ്റുള്ളവ ☐

4 മലിന ജലം സംസ്കരിക്കുന്ന രീതി : പുറത്തേക്കൊഴുക്കുന്നു ☐
സോക്ക് പിറ്റ് ☐ മറ്റുള്ളവ ☐

5 വെള്ളം സംഭരിച്ചു വച്ചിരിക്കുന്ന പാത്രങ്ങൾ ശരിയായി അടച്ച് വച്ചിട്ടുണ്ടോ ? : ഉണ്ട് /ഇല്ല /ബാധകമല്ല

6 ചിരട്ട, ടയർ പ്ലാസ്റ്റിക്ക് കവറുകൾ, കപ്പുകൾ, കുപ്പികൾ, ഉപയോഗ ശൂന്യമായ കളിപ്പാട്ടങ്ങൾ തുടങ്ങിയവ വലിച്ചെറിഞ്ഞിട്ടുണ്ടോ ? : ഉണ്ട്/ഇല്ല /ബാധകമല്ല

7 റബ്ബർ തോട്ടങ്ങളിൽ പാൽ ശേഖരിക്കുവാൻ വച്ചിട്ടുള്ള ചിരട്ട/കപ്പ് എന്നിവ മഴക്കാലത്ത് കമഴ്ത്തി വയ്ക്കാറുണ്ടോ ? : ഉണ്ട് /ഇല്ല /ബാധകമല്ല

8 കമുകിൻ തോട്ടത്തിലെ പാളകൾ കമഴ്ത്തിയിടുകയോ കത്തിച്ചു കളയുകയോ ചെയ്തിട്ടുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

9 മരപ്പൊത്തുകൾ മുളംകുറ്റികൾ കവുങ്ങിൻ
പാളകൾ തുടങ്ങിയവയിൽ കെട്ടി നിൽക്കുന്ന
വെള്ളം ഒഴുക്കികളഞ്ഞിട്ടുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

10 കക്കൂസ് ടാങ്കുകളുടെ വെന്റ് പൈപ്പുകൾ
കൊതുക് വല കൊണ്ട് മൂടിയിട്ടുണ്ടോ ?: ഉണ്ട്/ഇല്ല/ബാധകമല്ല

11 സ്ലാബുകൾക്ക് ഇടയിലെ വിടവുകൾ അടച്ചിട്ടുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

12 ചുറ്റുമുള്ള കുറ്റിച്ചെടികൾ നീക്കം ചെയ്തിട്ടുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

13 ടെറസ്സിൽ/സൺഷെയിടിൽ പാഴ് വസ്തുക്കൾ
അലക്ഷ്യമായി വലിച്ചെറിഞ്ഞിട്ടുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

14 കിണറും ടാങ്കും കൊതുക് വല കൊണ്ട് മൂടിയിട്ടുണ്ടോ ?: ഉണ്ട്/ഇല്ല/ബാധകമല്ല

15 കിണറിലും ടാങ്കിലും ഗപ്പി, ഗാംബൂസിയ, മാനത്തുകണ്ണി
മത്സ്യങ്ങളെ നിക്ഷേപിച്ചിട്ടുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

16 തിളപ്പിച്ചാറ്റിയ വെള്ളമാണോ കുടിക്കാറുള്ളത് ? : അതെ/അല്ല

17 കിണർ വെള്ളം ക്ലോറിനേറ്റ് ചെയ്യാറുണ്ടോ ? : ഉണ്ട്/ഇല്ല/ബാധകമല്ല

18 മലമൂത്ര വിസർജ്ജനത്തിന് കക്കൂസ്
ഉപയോഗിക്കാറുണ്ടോ ? : ഉണ്ട്/ഇല്ല

19 ഉപയോഗ ശൂന്യമായ വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടോ ? : ഉണ്ട്/ഇല്ല

20. താഴെപ്പറയുന്നവയിലെ, കെട്ടിനിൽക്കുന്ന വെള്ളം
ആഴ്ചയിലൊരിക്കലെങ്കിലും നീക്കം ചെയ്യാറുണ്ടോ ? : ഉണ്ട്/ഇല്ല

(എ) ഫ്രിഡ്ജിന്റെ പുറകിലെ ട്രേ
(ബി) കൂളറിന്റെ അടിയിലെ പാത്രം
(സി) ചെടിച്ചെട്ടിയുടെ അടിയിലെ ട്രേ
(ഡി) പൂപ്പാത്രം
(ഇ) അടയ്ക്കാ ഇട്ടുവച്ചിരിക്കുന്ന പാത്രം
(എഫ്) ടെറസ്
(ജി) സൺ ഷേഡ്
(എച്ച്) റൂഫ് ഗട്ടർ/ മേൽക്കൂരയിലെ ജലപാത്തികൾ : ഉണ്ട്/ഇല്ല

21 മഴ വെള്ള സംഭരണികൾ/ ഉപയോഗ ശൂന്യമായ
ടാങ്കുകൾ/ വൃത്തിയാക്കിയിട്ടുണ്ടോ : ഉണ്ട്/ഇല്ല

പ്രതിദിനം പ്രതിരോധം

ജാഗ്രതോത്സവം– 2018

## പരിശോധന സൂചിക

**പൊതുഇടങ്ങൾ**

**പൊതു ഇട സന്ദർശന വേളയിൽ ചുറ്റുപാടും നിരീക്ഷിച്ച ശേഷം മാത്രം ചെക്ക് ലിസ്റ്റ് പൂരിപ്പിക്കുക.**

1 a. സന്ദർശിച്ച സ്ഥലത്തിന്റെ പേര് / വിഭാഗം

b. സ്ഥലത്തിന്റെ ഉടമസ്ഥാ അവകാശം : സർക്കാർ/സ്വകാര്യ വ്യക്തികൾ

2. വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുണ്ടോ ? : ഉണ്ട് / ഇല്ല/ ബാധകമല്ല

3 മാലിന്യം കൂട്ടിയിട്ടിട്ടുണ്ടോ ? : ഉണ്ട് / ഇല്ല/ബാധകമല്ല

4 മാലിന്യം കത്തിക്കപ്പെടുന്നുണ്ടോ ? : ഉണ്ട് / ഇല്ല/ബാധകമല്ല

5 മലിന ജലം പുറത്തേക്കോഴുകുന്നുണ്ടോ? : ഉണ്ട് / ഇല്ല/ ബാധകമല്ല

6 മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക : ഉണ്ട് / ഇല്ല/ബാധകമല്ല

7 ജലാശയങ്ങൾ മലിനപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്തരത്തിൽ വ്യക്തമാക്കുക : ഉണ്ട് / ഇല്ല/ബാധകമല്ല

8 ശുചിമുറി മാലിന്യം/ മലിനജലം തുടങ്ങിയവ ജലസ്രോതസ്സുകളിലേക്ക് ഒഴുകുന്നുണ്ടോ ? : ഉണ്ട് / ഇല്ല/ബാധകമല്ല

9 ഓടകൾ വൃത്തിയാക്കിയിട്ടിട്ടുണ്ടോ ? : ഉണ്ട് /ഇല്ല/ബാധകമല്ല

10 പൊതു കിണർ വൃത്തിയാക്കിയിട്ടുണ്ടോ ? : ഉണ്ട് /ഇല്ല/ബാധകമല്ല

11 ജലവിതരണ പദ്ധതിയുടെ ഭാഗമായ ടാങ്കുകൾ വൃത്തിയാക്കിയിട്ടുണ്ടോ ? : ഉണ്ട് /ഇല്ല/ബാധകമല്ല

## അനുബന്ധം (2)

## ബാലസഭ

## ശിശു വികസന മേഖലയിലെ കുടുംബശ്രീ ഇടപെടൽ

കുട്ടികൾക്ക് ഒത്തുചേരാനും, കുട്ടിക്കാലം ആസ്വദിക്കുന്നതിനും വിവിധങ്ങളായ ശിശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ /ശേഷികൾ വിപുലപ്പെടുത്തുന്നതിനുമുള്ള അവസരങ്ങളും സാഹചര്യങ്ങളും സൃഷ്ടിക്കുകയെന്നതാണ് കുടുംബശ്രീയുടെ ശിശുവികസന പരിപാടിയായ ബാലസഭ കൊണ്ട് ലക്ഷ്യമാക്കുന്നത്. ഇതിലൂടെ ആരോഗ്യ പൂർണവും മൂല്യാധിഷ്ഠിതമായ ഒരു പുതുതലമുറയുടെ സൃഷ്ടിക്ക് വഴിയൊരുക്കുന്നു. കുട്ടികളുടെ അയൽക്കൂട്ടങ്ങളായ ബാലസഭകൾ, വാർഡ് തലത്തിൽ ബാലസമിതികളും, പഞ്ചായത്തുതല ഫോറമായ ബാല പഞ്ചായത്ത്, ജില്ലാ പാർലമെന്റ്, സംസ്ഥാനതല പാർലമെന്റ്, ജില്ലാതല ബാലസഭാ സംഗമങ്ങൾ, പഞ്ചായത്ത്/വാർഡ്തല കൂട്ടായ്മകൾ, അവധിക്കാല സഹവാസ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തന പരിപാടികൾ ഈ ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി നടത്തി വരുന്നു.

സംസ്ഥാനത്ത് 32876 ബാലസഭകളിലായി 6 മുതൽ 18 വയസ് പ്രായപരിധിയിലുള്ള 4,30,908 അംഗങ്ങൾ ഇതിൽ ഭാഗമാക്കുകളാണ്.

**സംഘടനാ സംവിധാനം**

ബാലസഭ ഒരു അധികാര കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന ആജ്ഞാനുവർത്തികളുടെ സംഘമല്ല. ഉത്സാഹവും സന്തോഷവും നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷത്തിൽ ഒത്തുചേരുന്ന ഒരു ചെറു പഠന സംഘം അഥവാ വിനോദത്തിൽ അധിഷ്ഠിതമായ വിജ്ഞാന സമ്പാദനത്തിനായി അണിചേരുന്ന വിവേചനങ്ങളില്ലാത്ത കൂട്ടായ്മയാണ് ബാലസഭ.

കുടുംബശ്രീ അയൽക്കൂട്ട പരിധിയിലെ മുഴുവൻ കുട്ടികളുടേയും കുട്ടായ്മയെന്ന നിലയ്ക്കാണ് ബാലസഭ രൂപീകരിച്ചു വരുന്നത്. 15 മുതൽ 30 കുട്ടികളാണ് ഓരോ ബാലസഭയിലും ഉണ്ടാകുക. 6 മുതൽ 9 വയസ്സുവരെയുള്ള കുട്ടികൾ ജൂനിയർ വിഭാഗത്തിലും 10 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾ സീനിയർ വിഭാഗത്തിലും ഉൾപ്പെടുന്നു.

സിഡിഎസ് (കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി) ഭരണ സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗത്തിനാണ് ബാലസഭ പ്രവർത്തന ഏകോപനത്തിന്റെ ചുമതല. നിലവിലെ കുടുംബശ്രീ ബൈലോ പ്രകാരം സിഡിഎസ് തലത്തിൽ ഒരു ബാലസഭാ ഉപസമിതിയും രൂപീകരിക്കാവുന്നതാണ്. ബാലസമിതിയുടെ ചാർജ്ജുള്ള സിഡിഎസ് അംഗത്തിന് ബാലസഭയുടെ രൂപീകരണം, രക്ഷാധികാര സമിതി രൂപീകരണം, ബാലസഭ അഫിലിയേഷൻ രജിസ്റ്റർ തയ്യാറാക്കൽ, റിപ്പോർട്ടുകൾ സിഡിഎസ്സിന് ലഭ്യമാക്കൽ, അംഗങ്ങളുടെ വിവരശേഖരണം, കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിനുള്ള ക്ലാസുകൾ, ക്യാമ്പുകൾ, സാംസ്കാരിക പരിപാടികൾ, പഠനയാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, കുട്ടികളെ കൃഷിയിലേയ്ക്ക് ആകർഷിക്കാനുള്ള പരിപാടികൾ

ആസൂത്രണം ചെയ്യൽ, ബാലസഭകളെ സംഘടിപ്പിച്ച് ബാലസമിതി, ബാല പഞ്ചായത്ത് എന്നിവ രൂപീകരിക്കൽ, ശിശുകേന്ദ്രീകൃത വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കൽ എന്നിങ്ങനെയുള്ള ചമതലകളാണ് നിർവഹിക്കാനുള്ളത്.

**ബാലസഭ പ്രവർത്തന രീതി.**

ബാലസഭകൾ മാസത്തിൽ രണ്ടുതവണയെങ്കിലും ഒത്തുചേരുകയും പുതിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും നടന്നുവരുന്ന പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നു. ഓരോ ബാലസഭയും അംഗത്വ രജിസ്റ്റർ, മിനിട്ട്സ് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതുണ്ട്. സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ആയിരിക്കും ചുമതലകൾ നിർവ്വഹിക്കേണ്ടത്.

പഞ്ചായത്ത് സിഡിഎസ്സിൽ ബാലസഭ രജിസ്റ്റർ ചെയ്തിരിക്കണം. എഡിഎസ് തലത്തിൽ ബാലസഭകൾ ഒത്തുചേരേണ്ടതുണ്ട്. ഇത് രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണ്. അതാത് പ്രദേശത്തെ അയൽക്കൂട്ടവും എഡിഎസ്സും സിഡിഎസ് ഭരണ സമിതിയിലെ ബാലസഭ വോളണ്ടിയറുമായിരിക്കും പ്രവർത്തന മേൽനോട്ടം വഹിക്കുക. പഞ്ചായത്ത്-നഗരസഭാതലത്തിലുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും മേൽനോട്ടവും ബാലസഭ ഉപസമിതിയായിരിക്കും നിർവ്വഹിക്കുക.

വിജ്ഞാന ക്ലാസുകൾ, വിവിധ മത്സരങ്ങൾ, അവധിക്കാല ക്യാമ്പുകൾ, ശിൽപശാലകൾ, വിനോദപരിപാടികൾ, പ്രാദേശിക പഠനയാത്രകൾ എന്നിവയാണ് ബാലസഭ സംഘടിപ്പിച്ചുവരുന്നത്.

**പുതിയ പ്രവർത്തന സമീപനം**

മുതിർന്നവർ വിഭാവനം ചെയ്യുന്ന ഒരു പ്രവൃത്തി കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുക എന്നത് എളുപ്പമാണ്. പക്ഷേ ഇതിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നത് കുട്ടികളുടെ ലക്ഷ്യങ്ങളല്ല, മറിച്ച് മുതിർന്നവരുടെ ലക്ഷ്യങ്ങളാണ്. അതുകൊണ്ട് പ്രവർത്തനങ്ങൾ രൂപം നൽകാനും അവ ആവിഷ്കരിക്കാനുമുള്ള ചുമതല കുട്ടികൾക്ക് വിട്ടുകൊടുക്കുയാണ് ഉചിതമെന്നാണ് പുതിയ സമീപനം.

സ്വന്തമായി ഏറ്റെടുത്തു ചെയ്യുന്ന പ്രവർത്തനങ്ങളിൽ വിജയം കൈവരിക്കുന്നതോടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കുന്നു. അതുവഴി വിജ്ഞാനവും വർദ്ധിക്കുന്നു.

മറ്റുള്ളവരുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് എങ്ങെയെന്ന് കുട്ടികൾ മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂട്ടുകെട്ടുകൾ ഉണ്ടാകുന്നതും കൂട്ടായ് പ്രോജക്ടുകൾ ചെയ്യുന്നതും കുട്ടികളിൽ സഹകരണ മനോഭാവം വളർത്താൻ സഹായിക്കും.

കുട്ടികളിലെ സർക്ഷാത്മക വാസനകൾ (സംഗീതം, കല, കായികം, ശാസ്ത്രം എന്നിവയിലുള്ള ജന്മവാസനകൾ) വികസിപ്പിക്കാനുതകുന്ന തരത്തിലുള്ള പങ്കാളിത്ത പൂർണമായ പ്രവർത്തന സമീപനം

വനങ്ങൾ, കടലോര പ്രദേശങ്ങൾ, മലമ്പ്രദേശങ്ങൾ എന്നിവ കുട്ടികളിലെ സർഗാത്മക സാഹസികതയെ ഉണർത്തിവിടും. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമുള്ള കഴിവുകൾ കുട്ടികളിൽ വളർത്തേണ്ടതാണ്. ഇത് ഔപചാരിക വിദ്യാഭ്യാസത്തിൽ നിന്നും മാത്രം ലഭിക്കുന്നതല്ല.

പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള പോംവഴികൾ കണ്ടെത്താൻ കഴിവുണ്ടാവുക, ചോദ്യങ്ങൾ ചോദിക്കാൻ പ്രാപ്തരാക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പുതിയ പ്രവർത്തനങ്ങൾ രൂപം നൽകുക.

## ബാലസഭ പ്രസക്തിയും കാഴ്ചപ്പാടും

ഔപചാരിക വിദ്യാഭ്യാസത്തെ സമ്പുഷ്ടമാക്കുന്നതിനുള്ള അനൗപചാരിക വേദിയാണ് ബാലസഭ. ബാലസഭയിൽ ഒരു മുതിർന്ന വിദ്യാഭ്യാസ പ്രവർത്തക/ പ്രവർത്തകന്റെ നേതൃത്വത്തിൽ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ നടക്കുന്നു. രക്ഷിതാക്കളും പ്രാദേശിക സമൂഹവും ഈ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാണ്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ യാന്ത്രികതയെ പൂർണമായും ഒഴിവാക്കി പഠനമെന്നത് രസകരമായ ഒരു അനുഭവമാക്കി മാറ്റുന്നതിനുള്ള വേദിയാണ് ബാലസഭ. കളിയും പാട്ടും, പഠനവും കൈകോർക്കുമ്പോൾ അറിവ് നേടുകയെന്നത് കുട്ടികൾക്ക് അതിരറ്റ ആനന്ദമായി മാറുന്നു.

വിവിധ പഠനസങ്കേതങ്ങളെ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ പരിപോഷിപ്പിക്കുന്നതിനും സാമൂഹ്യ പഠന കൂട്ടായ്മയുടെ ഇടങ്ങൾ പരമാവധി സൃഷ്ടിക്കുന്നതിനും ഔപചാരിക വിദ്യാഭ്യാസത്തെ പരമാവധി പുഷ്ടിപ്പെടുത്തുന്നതിനും ബാലസഭകൾക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയും. ഇവിടെ രക്ഷിതാക്കളും കുട്ടികളും വിദ്യാഭ്യാസ തൽപ്പരരും ഒത്തുചേരുന്നു. ഈ കൂട്ടായ്മയിലൂടെ വിദ്യ്യാസ ഒരു സംസ്കാരിക പ്രവർത്തനമായി മാറുന്നു.

## അനുബന്ധം (3)
## പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ ഞങ്ങൾ അറിയേണ്ടേ?

നമ്മുടെ ഭരണഘടനയിലെ Article 51 A(g) പ്രകാരം കായലുകൾ, നദികൾ, വനങ്ങൾ, വന്യ ജീവികൾ ഉൾപ്പെടെയുള്ള നമ്മുടെ പ്രകൃതിദത്ത പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് ഓരോ പൗരന്റെയും കടമയാണ്. നമ്മുടെ ആരോഗ്യവും പരിസ്ഥിതിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക വൽക്കരണം, ജനപ്പെരുപ്പം, നഗരവൽക്കരണം എന്നിവയാൽ ഉണ്ടാകുന്ന വിവിധതരത്തിലുള്ള മാലിന്യങ്ങൾ നമ്മുടെ പരിസ്ഥിതിക്ക് ഭീഷണിയായിരിക്കുന്നു. മാലിന്യങ്ങളായ സീവേജ് (ടോയിലറ്റിൽ നിന്ന്) സല്ലേജ് (ബാത്ത് റൂം, അടുക്കള, കഴുകുന്ന വെള്ളം) ചപ്പുചവറുകൾ (അഴുകുന്നതും, അഴുകാത്തതും) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എന്നിവ നദിയിലേക്കും മറ്റു ജലസ്രോതസ്സുകളിലേക്കും എത്തി ചേരുന്നത്, നമ്മുടെ ശുദ്ധജല ലഭ്യതയ്ക്ക് തന്നെ തടസ്സമാക്കുകയും നമ്മുടെ തന്നെ നിലനിൽപ്പിന് ഭീക്ഷണിയാകുകയും ചെയ്യുന്നു. കിണറുകൾക്ക് സമീപം ടോയിലറ്റിന്റെ സോക്ക്പിറ്റ് ഏർപ്പെടുത്തുന്നത് പകർച്ചവ്യാധികളായ കോളറ, ടൈഫോയിഡ് തുടങ്ങിയ ജലജന്യ രോഗങ്ങൾക്ക് കാരണമാകുന്നു. മലിനീകരിക്കപ്പെട്ട തോടുകൾ, ഓടകൾ എന്നിവ കൊതുകുകളുടെ ആവാസ കേന്ദ്രമായി മാറുകയും വേക്റ്റർ ബോൺ രോഗങ്ങളായ ഡെൻകു ഫിവർ, ചിക്കുൻ ഗുനിയ എന്നിവ പരത്തുന്നതിനു കാരണമാകുന്നു. കൂടാതെ മാലിന്യങ്ങൾ കായലിലും നദികളിലും എത്തിച്ചേരുന്നത് സസ്യ ജന്തു ജീവജാലകങ്ങൾ നശിക്കുന്നതിനു കാരണമാകുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ പരിസ്ഥിതി സംരക്ഷിക്കേണ്ട നിയമങ്ങൾ നാം അറിഞ്ഞിരിക്കേണ്ടതും അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് നോക്കേണ്ടതും നമ്മുടെ കടമയല്ലേ?

### പരിസ്ഥിതി സംരക്ഷണ മാർഗ്ഗങ്ങൾ ഞങ്ങളറിയേണ്ടേ?

**1) ശുദ്ധജല സ്രോതസ്സായ കിണറുകൾ**

കേരളത്തിൽ കിണറുകളുടെ സാന്ദ്രത മറ്റേതു സംസ്ഥാനത്തേക്കാളും കൂടുതലാണ്. ഇവിടത്തെ നല്ലൊരു ഭാഗം ജനങ്ങളും കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. വ്യാവസായിക, ഗാർഹിക, കാർഷിക മാലിന്യങ്ങളാൽ കിണർവെള്ളം മലിനമാകാം. മലിനജലം കുടിക്കുന്നതുമൂലം കോളറ, വയറുകടി, മഞ്ഞപ്പിത്തം തുടങ്ങിയ ജലജന്യരോഗങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. വെള്ളം മലിനപ്പെട്ടിട്ടുണ്ടോ എന്ന് ലബോറട്ടറി പരിശോധനയിലൂടെ അറിയാം.

**1.1) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിധി**

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിധി നിഷ്കർഷിച്ചിട്ടുണ്ട്. (IS 10500 – 1991) കേരളത്തിലെ കിണർജലത്തിൽ സാധാരണ കാണാവുന്ന ചില ഘടകങ്ങൾ എത്രത്തോളം അനുവദനീയമാണ് എന്ന് നോക്കുക.

| ഘടകം | അനുവദനീയ പരിധി |
|---|---|
| അരുചി/ദുർഗന്ധം | പാടില്ല |
| കലക്കൽ | 10 എൻ. ടി. യു. |
| പി. എച്ച് | 6.5 – 8.5 |
| ലയ പദാർത്ഥം | 500 മില്ലി ഗ്രാം/ ലിറ്റർ |
| കാഠിന്യം | 300 മില്ലി ഗ്രാം/ ലിറ്റർ |
| ഇരുമ്പ് | 0.3 മില്ലി ഗ്രാം/ ലിറ്റർ |
| ഫ്ളൂറൈഡ് | 0.6 – 1.2 മില്ലി ഗ്രാം/ലിറ്റർ |
| ക്ലോറൈഡ് | 250 മില്ലി ഗ്രാം/ ലിറ്റർ |
| കോളിഫോം ബാക്ടീരിയ | പാടില്ല |

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലബോറട്ടറികൾ, ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിവിടങ്ങളിലെല്ലാം ജല പരിശോനയ്ക്കുള്ള സംവിധാനങ്ങളുണ്ട്.

**1.2) കിണറുകൾ മലിനമാകുന്നത് എങ്ങനെ തടയാം?**

- കിണറിന്റെ ഉൾവശം കല്ലു കെട്ടിയോ കോൺക്രീറ്റ് റിംഗിറക്കിയോ സംരക്ഷിക്കണം.
- കിണറിനു സമീപത്ത് കുളിക്കുന്നതും പാത്രം കഴുകുന്നതും വസ്ത്രം അലക്കുന്നതും ഒഴിവാക്കുക.
- വാഴയോ മറ്റു കൃഷികളോ കിണറിനോട് ചേർന്ന് പാടില്ല.
- കിണറിനു ചുറ്റും തറനിരപ്പിനു മുകളിൽ കുറഞ്ഞത് ഒരു മീറ്റർ ഉയരത്തിൽ അരഭിത്തി കെട്ടണം. ചുറ്റും വെള്ളം കെട്ടിക്കിടക്കാതെ ഒഴുകിപ്പോകുന്നതിന് അഴുക്കുചാലും ആവശ്യമാണ്.
- കിണർ വലയിട്ട് മൂടി സംരക്ഷിക്കണം.
- കിണർ ഇടയ്ക്കിടെ വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും വേണം.
- കിണറിന് മുകളിലൂടെ കിടക്കുന്ന വൃക്ഷക്കൊമ്പുകൾ മുറിച്ച് മാറ്റണം.
- കിണറിൽ നിന്നു വെള്ളം എടുക്കുന്ന ബക്കറ്റും കയറും വൃത്തിയായി സൂക്ഷിക്കുക.
- കാലിത്തൊഴുത്ത്, മാലിന്യങ്ങൾ ഒഴുക്കുന്ന കുഴി, ചാണകക്കുഴി, ചപ്പുചവറുകൾ നിക്ഷേപിക്കുന്ന കമ്പോസ്റ്റ് കുഴി എന്നിവ കിണറിൽ നിന്നും കുറഞ്ഞത് 7.5 മീറ്റർ അകലത്തിലായിരിക്കണം.
- കക്കൂസിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സെപ്റ്റിക് ടാങ്കും സോക്പിറ്റും നിർമ്മിക്കുക.

**1.3) കിണർവെള്ളം അണുവിമുക്തമാക്കുന്നതെങ്ങനെ?**

ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് കിണറുകൾ അണുവിമുക്തമാക്കാം. 1000 ലിറ്റർ വെള്ളത്തിന് 2.5 ഗ്രാം എന്ന തോതിൽ (ഒരു തൊടിയ്ക്ക് ഒരു തീപ്പെട്ടിക്കൂട് അളവ്) ബ്ലീച്ചീംഗ് പൗഡർ ഉപയോഗിക്കാം. ബ്ലീച്ചിംഗ് പൗഡർ വെള്ളത്തിൽ കലക്കി തെളി ഊറ്റിയെടുത്ത് കിണർ വെള്ളത്തിൽ കലർത്തുക. ആറു മണിക്കൂറിനു ശേഷം കിണർ വെള്ളം ഉപയോഗിക്കാവുന്നതാണ്. കിണറിലെ വെള്ളത്തിന്റെ അളവ് താഴെപ്പറയും വിധം നിർണ്ണയിക്കാവുന്നതാണ്.

| | | |
|---|---|---|
| കിണറിന്റെ വ്യാസം | – | d മീറ്റർ |
| വെള്ളത്തിന്റെ ആഴം | – | h മീറ്റർ |
| ആകെ വെള്ളം ലിറ്ററിൽ | – | 785 $d^2h$ |

**ചാരജലം (Grey Water)**

സ്രോതസ്സുകൾ

- കഴുകുന്ന വെള്ളം (അടുക്കള, Washing Machine)
- ബാത്ത് റൂം
- ടോയിലറ്റിൽ നിന്നുള്ള പാഴ്ജലവുമായി ചേരുന്നില്ലെങ്കിൽ അവ അധികം മലിനീകരിക്കപ്പെടില്ല. ഇവയെ പ്രത്യേകം ശുദ്ധീകരിച്ച് കൃഷി ആവശ്യത്തിനും ground water recharge നും മറ്റും ഉപയോഗിക്കാവുന്നതാണ്.

**2) സീവേജ് ശുദ്ധീകരണ സംവിധാനങ്ങൾ**

**2.1) സെപ്റ്റിക് ടാങ്ക്/ സോക്പിറ്റ് എങ്ങനെ നിർമ്മിക്കാം?**

വീടുകളിലെ കക്കൂസിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കും സോക്പിറ്റും (IS 2470) വേണം. സെപ്റ്റിക് ടാങ്കിന്റെ നീളം വീതിയുടെ രണ്ടിരട്ടി മുതൽ മൂന്നിരട്ടി വരെ ആയിരിക്കണം. 5 പേരടങ്ങുന്ന ഒരു കുടുംബത്തിന് 1.5 മീറ്റർ നീളവും 0.75 മീറ്റർ വീതിയും 1.5 മീറ്റർ ആഴവും ഉള്ള ഒരു സെപ്റ്റിക് ടാങ്ക് പര്യാപ്തമാണ്. ടാങ്കിന്റെ അടിഭാഗം കോൺക്രീറ്റ് ചെയ്യുകയും വശങ്ങൾ ഇഷ്ടികയോ കോൺക്രീറ്റോ ഉപയോഗിച്ചു നിർമ്മിക്കുകയും മുകൾഭാഗം കോൺക്രീറ്റ് സ്ലാബ് ഉപയോഗിച്ച് മൂടുകയും വേണം. ഉൾഭിത്തികൾ സിമന്റ് പൂശി വെള്ളം ചോർന്നു പോകാത്ത രീതിയിൽ വേണം നിർമ്മിക്കാൻ. സെപ്റ്റിക് ടാങ്കിലേക്ക് സീവേജ് എത്തിക്കുന്നതും ടാങ്കിൽ നിന്നും സെപ്റ്റിക് ടാങ്കിലേക്ക് മലിനജലം ഒഴുകുന്നതും "T" പൈപ്പുകളിലൂടെ ആകണം. ഇത് ടാങ്കിൽ സ്ലഡ്ജ് അടിയുന്നതിന് തടസ്സപ്പെടാതിരിക്കാൻ അനിവാര്യമാണ്. ടാങ്ക് പരിശോധിക്കുന്നതിനും സ്ലഡ്ജ് നീക്കം ചെയ്യുന്നതിനുമായി മാൻഹോൾ ഉണ്ടായിരിക്കണം. ടാങ്ക് സ്ലാബിട്ടു മൂടി വായു നിർക്ഷമനത്തിനായി വെന്റ് പൈപ്പ് ഘടിപ്പിക്കണം. പൈപ്പിന്റെ മുകൾ ഭാഗത്ത് കൊതുക് കടക്കാതിരിക്കാൻ കമ്പി വല കെട്ടണം. പൈപ്പിന് അടുത്തുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയുടെ നിരപ്പിൽ നിന്നും 1 മീറ്ററിൽ കുടുതൽ ഉയരം ഉണ്ടാകണം.

സെപ്റ്റിക് ടാങ്കിൽ നിന്നും മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് ശാസ്ത്രീയമായി നിർമ്മിച്ച സോക്പിറ്റ് വേണം. അടുക്കള, കുളിമുറി മുതലായവയിൽ നിന്നുള്ള പാഴ്ജലം സെപ്റ്റിക് ടാങ്കിൽ വിടരുത്. അവയ്ക്ക് ഒരു ഗള്ളി ട്രാപ്പും സെറ്റ്ലിംഗ് ടാങ്കും സൊക്പിറ്റും മതിയാകും.

വീടുകളിൽ നിർമ്മിക്കാൻ അനുയോജ്യമായ സെപ്റ്റിക് ടാങ്കിന്റെ രൂപരേഖയും അളവുകളും ചുവടെ ചേർക്കുന്നു.

## സെപ്റ്റിക് ടാങ്കിന്റെ അളവുകൾ

| ഉപയോഗിക്കുന്ന അളുകളുടെ എണ്ണം | നീളം(മീറ്ററിൽ) | വീതി(മീറ്ററിൽ) | ജലനിരപ്പിൽ നിന്നുള്ള ആഴം (മീറ്ററിൽ) |
|---|---|---|---|
| 5 | 1.5 | 0.75 | 1.0 |
| 10 | 2.0 | 0.90 | 1.0 |
| 15 | 2.0 | 0.90 | 1.5 |
| 20 | 2.3 | 1.10 | 1.3 |

ടാങ്കിൽ ഉൾക്കൊള്ളേണ്ട മലിനജലത്തിന്റെ അളവ് കൂടുന്നതനുസരിച്ച് ഒന്നിൽ കൂടുതൽ അറകളോടുകൂടിയ സെപ്റ്റിക് ടാങ്കുമാകാം.

2.2) സീവേജ് വ്യാപനം കുറയ്ക്കുന്നതിനനുയോജ്യമായ സോക്പിറ്റ് നിർമ്മാണ രീതി

സോക്പിറ്റിന്റെ ആഴം സെപ്റ്റിക് ടാങ്കിൽ നിന്നും പാഴ് ജലം എത്തിക്കുന്ന കുഴലിൽ നിന്ന് കുറഞ്ഞത് 1 മീറ്റർ ഉണ്ടായിരിക്കണം. ഭൂജല നിരപ്പിൽ നിന്ന് കുറഞ്ഞത് 1 മീറ്ററെങ്കിലും ഉയരത്തിലായിരിക്കണം. സോക്പിറ്റിന്റെ അടിത്തട്ട്, വെള്ളം വാർന്നു പോകുന്നതിന് ആവശ്യമുള്ള പ്രതലം (ഒരാൾക്ക് 0.75 ചതുരശ്ര മീറ്റർ എന്ന കണക്കിൽ) ഉണ്ടായിരിക്കണം. 1.6 X 1.6 X 1.5 മീറ്റർ വലിപ്പമുള്ള ഒരു സോക്പിറ്റ് 10 ആളുകളുള്ള ഒരു വിടിന് ആവശ്യമാണ്. സോക്പിറ്റിൽ നിന്നും വെള്ളം വാർന്നുപോകുന്നത് വശങ്ങളിൽക്കൂടി മാത്രമാണെന്ന് ഉറപ്പ് വരുത്തുക. ഇതിന് സോക്പിറ്റിന്റെ അടിഭാഗം കോൺക്രീറ്റ് ചെയ്യുകയോ കട്ടിയുള്ള പ്ലാസ്റ്റിക് ഷീറ്റ് ഇടുകയോ ചെയ്യണം. സോക്പിറ്റിന്റെ വശങ്ങളിൽ ഹണി കോമ്പ് രീതിയിൽ ഇഷ്ടിക കെട്ടുകയോ. ദ്വാരമുള്ള റിംഗുകളിടുകയോ ചെയ്ത് അതിനു പുറത്തായി 45 സെ. മീ. കനത്തിൽ മണൽഭിത്തി തീർത്താൽ സോക്പിറ്റിൽ നിന്നുള്ള മാലിന്യങ്ങളുടെ വ്യാപനം മൂന്ന് മീറ്ററിനുള്ളിലായി കുറയ്ക്കുവാൻ സാധിക്കും. ശാസ്ത്രീയമായി സെപ്റ്റിക് ടാങ്കും സോക്പിറ്റും നിർമ്മിച്ച് സീവെജ് നിർമ്മാർജ്ജനം ചെയ്താൽ അത് സമീപമുള്ള കിണറുകളിലോ ജലാശയങ്ങളിലോ എത്തിച്ചേരുന്നില്ല എന്ന് ഉറപ്പാക്കാം. അങ്ങനെ ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയാം. കുഴിക്കക്കൂസുകളും ലീച്ച്പീറ്റ് രീതിയിലുള്ള കക്കൂസുകളും ചെലവു കുറയുമെങ്കിലും ജനവാസകേന്ദ്രങ്ങളിൽ ഒഴിവാക്കുന്നതാണ് അഭികാമ്യം.

മലിനജലം – ജല (മലിനീകരണ നിവാരണ നിയന്ത്രണ) നിയമം, 1974
പാഴ്വായു – വായു മലിനീകരണ നിയന്ത്രണ നിയമം, 1981

പരിസ്ഥിതി – പരിസ്ഥിതി സംരക്ഷണ നിയമം, 1986

മലിനജലം, വായു, ശബ്ദം, വാഹനങ്ങൾ – 1986 ലെ പരിസ്ഥിതി സംരക്ഷണ ചട്ടം

ഖര പാഴ്വസ്തുക്കൾ

– സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നീ നിയമങ്ങൾ പ്രകാരം വായു, ജലം, പരിസ്ഥിതി എന്നിവയെ മലിനമാക്കുന്നത് 7 വർഷം വരെ തടവും 1 ലക്ഷം രൂപവരെ പിഴയും ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

## മഴ പെയ്യുമ്പോൾ

മഴപെയ്യുമ്പോൾ
പാടം കാണാൻ
നമുക്കു പോയാലോ
മഴ പെയ്യുമ്പോൾ
നൃത്തം ചെയ്യും
മീനുകളെ കാണാം
മഴയുടെ പാട്ടിനു താള കൊട്ടും
തവളകളെ കാണാം
പാട്ടും കൊട്ടും കേട്ടുരസിക്കും
നെൽച്ചെടികൾ കാണാം
മഴമേഘങ്ങൾ മേഞ്ഞുനടക്കും
ആകാശം കാണാം
മഴയുടെ താളം മേളം കേൾക്കാം
നമുക്കു പോയാലോ

## മണ്ണിൽ നടന്നോളൂ

മണ്ണിൽ നടന്നോളൂ
മണ്ണിൽ കളിച്ചോളൂ
കണ്ണിമാങ്ങയുപ്പും
കൂട്ടിക്കഴിച്ചോളൂ
വിണ്ണിലേക്കു പാറും
സ്വപ്നങ്ങൾ കണ്ടോളൂ
കുഞ്ഞിക്കാലു രണ്ടും
മണ്ണിലുറക്കേണം
മാവും പ്ലാവും കണ്ടോ
വേരു മണ്ണിലല്ലേ
പച്ചിലയും കണ്ടോ
വൃത്തിയായിട്ടല്ലേ

## മരങ്ങൾ നടാം

മരങ്ങൾ നമ്മുടെ മിത്രങ്ങൾ
മരങ്ങൾ വെച്ചു പിടിപ്പിക്കൂ
മരങ്ങളെന്നും തണൽനൽകും
മരങ്ങൾ വെച്ചു പിടിപ്പിക്കൂ
നമുക്കു തിന്നാൻ കായ്കനികൾ
നൽകീടുന്നു മരമാണ്
നമ്മൾ ശ്വസിക്കും വായുവിലെ
മാലിന്യങ്ങൾ മരം മാറ്റും
പെരുമഴ പെയ്യും നേരത്ത്
കുത്തിയൊലിക്കും നേരത്ത്
തടയണമെങ്കിൽ മരം വേണം
മരങ്ങൾ വെച്ചു പിടിപ്പിക്കൂ
കാടുകൾ വെട്ടി വെളപ്പിച്ചാൽ
ഉറവകൾ വറ്റും പുഴവറ്റും
അതിനാൽ കൂട്ടരെ നാമോർക്കൂ
മരങ്ങൾ വെച്ചു പിടിപ്പിക്കൂ

## ക്യാമ്പ് അവതരണ ഗാനം

അയ്യയ്യാ... അയ്യയ്യയ്യാ....
കേട്ടോ കണ്ടോ നാട്ടാരെ
കണ്ടോ കേട്ടോ നാട്ടാരെ
വഴിയാകെ മാലിന്യമാണെന്നമ്മേ
പുഴ നിറയെ മാലിന്യമാണെന്നമ്മേ
അതുകൊണ്ടും തീർന്നില്ല വല്യമ്മച്ചീ
അവിടവിടെ കെട്ടിക്കിടക്കുന്ന വെള്ളം
അതിലാകെ വളരുന്ന കൂത്താടിക്കൂട്ടം
ഇവ നാളെ കൊതുകായി പെരുകിമ്പോൾ
പനി, തുള്ളപ്പനിയാവും നാട്ടിലെല്ലാം
അയ്യയ്യേ അയ്യയ്യേ ഇത് പറ്റൂല്ല
ഇത് പറ്റൂല്ലിതുപറ്റൂല്ലിതുപറ്റൂല്ലാ
ഇത് പറ്റില്ലിതുപറ്റില്ലിതുപറ്റില്ലെന്നു
നമ്മൾ ഒന്നായ് പറയണം കൂട്ടുകാരെ
മാലിന്യമൊക്കെയും വേർതിരിക്കാം
ജൈവമാലിന്യത്തെ കംപോസ്ടാക്കാം
ജലമൊരുതുള്ളിയും പാഴാക്കാതെ
കണ്ണിലെ മണിപോലെ സംരക്ഷിക്കാം
ഒരു കൊതുകും വളരാതം ചുറ്റുപാടും
ശുചിയായി വച്ചിടാമെന്നുമെന്നും
ജാഗ്രതോത്സവം സിന്ദാബാദ്